# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4062 18.10.2011 ൽ മറുപടിക്ക്**

**<u>എക്സ്പ്രസ് ഹൈവേ ജനവാസമില്ലാത്ത പ്രദേശങ്ങളിൽ സ്ഥാപിക്കാൻ നടപടി</u>**

**ചോദ്യം**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

(എ) ദേശീയപാതയുടെ വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നത് ജനങ്ങളുടെ വീടും വരുമാന മാർഗ്ഗങ്ങളും നഷ്ടപ്പെടുത്തുമെന്നതിനാൽ കേരളത്തിൽ എക്സ്പ്രസ് ഹൈവെയാണ് കൂടുതൽ ഉചിതമെന്ന് പാർലമെന്ററി എസ്റ്റിമേറ്റ് കമ്മറ്റിയുടെ ശുപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽതന്നെ ഇത് സംബന്ധമായ നടപടികൾ കൈകൊള്ളണമെന്ന് കമ്മറ്റി നിർദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ ഇതു പരിശോധിക്കുമോ ;

(സി) കേന്ദ്ര റോഡ് ഗതാഗത ഹൈവെ മന്ത്രാലയവും ഈ നിർദ്ദേശം മുന്നോട്ടുവെച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിശ്ചിത വീതിയില്ലാത്ത ദേശീയപാത നിർമ്മിക്കുന്നത് സുരക്ഷാപ്രശ്നമുണ്ടാക്കുമെന്ന് കേന്ദ്രറോഡ് ഗതാഗത മന്ത്രാലയം എസ്റ്റിമേറ്റ് കമ്മറ്റി മുമ്പാകെ വ്യക്തമാക്കിയ സാഹചര്യം പരിശോധിക്കുമോ;

(ഇ) എങ്കിൽ ദേശീയ പാതകളുടെ വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനെക്കാൾ ഉചിതം ജനവാസമില്ലാത്ത സ്ഥലങ്ങളിലൂടെ എക്സ്പ്രസ് ഹൈവെ സ്ഥാപിക്കലാണെന്ന ഈ രണ്ട് പ്രധാന കേന്ദ്രങ്ങളുടെ അഭിപ്രായങ്ങൾ പരിഗണിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എഫ്) എക്സ്പ്രസ് ഹൈവെയുടെ നിർമ്മാണം നിലവിൽ പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ

**ഉത്തരം**

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്

**(മരാമത്ത്വകുപ്പു മന്ത്രി)**

(എ) മുതൽ (എഫ്) വരെ

സംസ്ഥാനത്ത് എക്സ്പ്രസ്സ് ഹൈവേ നിർമ്മിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. ഇക്കാര്യത്തിൽ പൊതുവായ അഭിപ്രായ സമന്വയം ഉണ്ടാകുമ്പോൾ പരിഗണിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ